പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2151 18/07/2016 - ൽ മറുപടിക്ക്

**കുട്ടികൾ കുറവുള്ള വിദ്യാലയങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. വിൻസെന്റ് | പ്രൊ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 60 കുട്ടികളിൽ താഴെ പഠിക്കുന്ന എത്ര പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) 2015-16 അധ്യയന വർഷം സർക്കാർ/ എയ്ഡഡ് മേഖലയിൽ 60 കുട്ടികളിൽ താഴെ പഠിക്കുന്ന 3417 വിദ്യാലയങ്ങൾ ഉണ്ട്. |
| (ബി) പത്ത് കുട്ടികളിൽ താഴെയുള്ള എത്ര പൊതു വിദ്യാലയങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്ത് 10 കുട്ടികളിൽ താഴെ പഠിക്കുന്ന 144 പൊതുവിദ്യാലയങ്ങൾ നിലവിലുണ്ട്. |
| (സി) ഇത്തരം വിദ്യാലയങ്ങളുടെ സംരക്ഷണത്തിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) സംസ്ഥാനത്ത് 10-ൽ താഴെ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ കുട്ടികളെ എത്തിക്കുന്നതിനായി ഇത്തരം സ്കൂളുകളുടെ അടിസ്ഥാന, പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പി.ടി.എകളുടെയും എസ്.എം.സികളുടേയും പ്രവർത്തനങ്ങളിലൂടെ സർക്കാർ സ്കൂളുകളിൽ കുട്ടികൾക്ക് ആകർഷകമാകത്തക്ക തരത്തിൽ മോടി പിടിപ്പിച്ച് സ്മാർട്ട് ക്ലാസ്സ് റൂം അടക്കം സംവിധാനങ്ങൾ ഏർപ്പെടുത്തി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വകുപ്പ് പരിഗണിച്ചു വരുന്നു. എസ്.എസ്.എയുടെ ഫോക്കസ് പദ്ധതിയും ഈ ലക്ഷ്യം മുൻനിർത്തിയുള്ളതാണ്. |

Sreedevi

സെക്ഷൻ ഓഫീസർ